"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ചിറ്റൂർ സർക്കാർ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ഷീജ എൻ. വി-യ്ക്കെതിരെയുള്ള അച്ചടക്കനടപടി - അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.427/2026/HEDN തീയതി,തിരുവനന്തപുരം, 25-03-2026

---

പരാമർശം:-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.12.2024 തീയതിയിലെ വിസി/6861/2021/ഡി.സി.ഇ നമ്പർ നടപടിക്രമം.
2. ഡോ. ഷീജ എൻ. വി. 13.02.2025 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 06.04.2025 തീയതിയിലെ വിസി/6861/2021/ഡി.സി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ചിറ്റൂർ സർക്കാർ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ഡോ. ഷീജ എൻ. വി. യ്ക്കെതിരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടികളിന്മേൽ ടിയാൻ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ഡോ. ഷീജ എൻ വി-യ്ക്കെതിരെ ചിറ്റൂർ സർക്കാർ കോളേജിലെ കോളേജിലെ പ്രിൻസിപ്പാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു.

3. 04.06.2021 തീയതിയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ടിയാന് കുറ്റപത്രം നൽകിയിരുന്നു. ആയതിലെ ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

i. 27.01.2020 തീയതിൽ കോളേജ് കോമ്പൗണ്ടിനുള്ളിൽ പ്രിൻസിപ്പാളിനെ അവഹേളിക്കുന്ന രീതിയിൽ പോസ്റ്ററുകൾ പതിക്കുകയും അന്നേ ദിവസം പ്രിൻസിപ്പാളിന്റെ ചേമ്പറിലേക്ക് അതിക്രമിച്ച് കയറി പ്രിൻസിപ്പാളിനെ ഭീഷണിപ്പെടുത്തുകയും ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തു.

ii. മുൻകൂർ അപേക്ഷ നൽകി, അവധി അനുവദിച്ച് കിട്ടാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നു.

iii. 1960- ലെ കേരള ഗവൺമെൻറ് സർവൻസ് കണ്ടക്റ്റ് റൂൾസിലെ റൂൾ 3 അനുശാസിക്കുന്ന പ്രകാരം ജോലിയോടുള്ള ആത്മാർത്ഥതയും കൂറും കാത്ത് സൂക്ഷിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

4. ചിറ്റൂർ സർക്കാർ കോളജ് പ്രിൻസിപ്പാളിന്റെ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രിൻസിപ്പാളിന്റെ ചേംബറിൽ അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് ഡോ. ഷീജ എൻ. വി. യുടെ വിശദീകരണം ആവശ്യപ്പെട്ട് പ്രിൻസിപ്പൽ മെമ്മോ നൽകിയിരുന്നുവെങ്കിലും പ്രസ്തുത മെമ്മോ കൈപ്പറ്റിയ ടിയാൻ യാതൊരു മറുപടിയും നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുകയുണ്ടായില്ല.

5. അനുവദിച്ചു നൽകിയ സമയത്തിനുള്ളിൽ ടിയാൻ യാതൊരു വിശദീകരണവും നൽകാതിരുന്നതിനാൽ മെമ്മോയിൽ പറഞ്ഞിരുന്ന കുറ്റങ്ങളെല്ലാം ടിയാൻ അംഗീകരിച്ചതായി കണക്കാക്കി ഇക്കാര്യത്തിൽ മേൽ നടപടിക്ക് ശുപാർശ ചെയ്ത് ബന്ധപ്പെട്ട രേഖകൾ സഹിതം മേലധികാരിക്ക് അയച്ചു കൊടുക്കുന്നതായി ടിയാനെ അറിയിച്ച് പ്രിൻസിപ്പാൾ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് ടിയാൻ കൈപ്പറ്റുകയും ചെയ്തിരുന്നു.

6. പ്രിൻസിപ്പാളിന്റെ പരാതിയിന്മേൽ കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ 27.01.2020 തീയതിയിൽ ടിയാൻ കോളേജ് പരിസരത്ത് പ്രിൻസിപ്പലിനെതിരെ പോസ്റ്റർ പതിച്ചിരുന്നതായും പ്ലക്കാർഡുമായി കോളേജ് പ്രിൻസിപ്പാളിന്റെ ക്യാബിനിൽ എത്തി ഉച്ചത്തിൽ സംസാരിച്ചതായും ജീവനക്കാരുടെ മൊഴികളിൽ നിന്നും വ്യക്തമാകുന്നുണ്ടെന്നും അത് പ്രിൻസിപ്പാളിന്റെ പരാതിയെ സാധൂകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ടിയാൻ 06/03/2019 മുതൽ 08/03/2019 വരെയും 12/03/2019 മുതൽ 29/03/2019 വരെയും അനധികൃതമായി ജോലിക്ക് ഹാജരാകാതെ ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയുണ്ടായെന്നും പ്രസ്തുതകാലയളവിൽ ഇംഗ്ലീഷ് വിഭാഗത്തിലെ അടുത്ത സീനിയർ അധ്യാപികയ്ക്ക് HOD യുടെ ചുമതല നൽകുകയോ ചാർജ് കൈമാറുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്നും ടിയാൻ 22/10/2019 മുതൽ 27/10/2019 വരെയും 29/10/2019 മുതൽ 21/11/2019 വരെയും 28/11/2019 മുതൽ 19/12/2019 വരെയും കോളേജിൽ ഹാജരായിരുന്നില്ലെന്നും പ്രസ്തുതകാലയളവിലെ അവധി അപേക്ഷ അവധിയിൽ പ്രവേശിക്കുന്നതിനു മുമ്പായി കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടില്ലെന്നും, തിരികെ ജോലിയിൽ പ്രവേശിച്ചപ്പോഴാണ് ലീവ് അപേക്ഷയും ആർ ടി സി യും പ്രിൻസിപ്പാളിന് നൽകിയതെന്നും, ഒരു വകുപ്പിന്റെ മേധാവിയായിരിക്കെ ഇത്രയും ദിവസം കോളേജിൽ നിന്ന് വിട്ടുനിൽക്കുകയും പ്രസ്തുത വിവരം യഥാസമയം കോളേജ് പ്രിൻസിപ്പാളിനെ അറിയാതിരിക്കുകയും ചെയ്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

7. കുറ്റപത്രത്തിന് മറുപടി നൽകുന്നതിൽ സാവകാശം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 24.06.2021 -ൽ ഡോ ഷീജ എൻ വി സമർപ്പണം നൽകിയിരുന്നു. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വീണ്ടും ആവശ്യപ്പെട്ടതതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ടിയാൻ മറുപടി നൽകിയിരുന്നത്. 09.12.2022 തീയതിയിൽ ടിയാൻ നൽകിയ മറുപടിയിൽ താൻ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നിട്ടില്ല എന്നും വ്യാജ കേസ് ചമക്കുകയായിരുന്നു എന്നുമാണ് പറഞ്ഞിരിക്കുന്നത്. കൂടാതെ ടിയാനെതിരെ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥനെതിരെ പട്ടിക ജാതി പട്ടിക വർഗ്ഗ നിയമ പ്രകാരം നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ മറ്റൊരു പ്രതിവാദങ്ങളും ടിയാൻ നടത്തിയിരുന്നില്ല. ടിയാന് നേരിൽ കേൾക്കുവാൻ അവസരം നൽകുകയും നേരിൽ കേട്ട വേളയിൽ ടിയാനെതിരെ ഉള്ള ആരോപണങ്ങളിൽ തെളിവുകൾ ഇല്ല എന്നും പറയാനുള്ളത് എഴുതി നൽകാമെന്നുമാണ്

ടിയാൻ അറിയിച്ചത്.

8. 20.02.2023 തീയതിയിൽ എഴുതി നൽകിയ സമർപ്പണത്തിൽ അനധികൃതമായി വിട്ടുനിന്ന കാലയളവുകൾ ആയി കുറ്റാരോപണ പത്രികയിൽ പറയുന്ന കാലയളവുകളിൽ ചില വ്യതാസങ്ങൾ ഉണ്ട് എന്നത് മാത്രമാണ് വ്യക്തമാക്കിയിരുന്നത്. കൂടാതെ ചില രേഖകളുടെ പകർപ്പുകൾ നൽകിയിരുന്നു. തുടർന്ന് ഔപചാരിക അന്വേഷണം നടത്തിയതിൽ 19.04.2024 തിയതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ കുറ്റപത്രത്തിലെ ചാർജ്ജുകൾ നിലനിൽക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ടിയാൻ കേസുകളും പരാതികളുമായി മുന്നോട്ട് പോകാനാണ് തിരുമാനം എന്നും അറിയിച്ചതായി റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു.

9. ഒരു സർക്കാർ ജീവനക്കാരനും അതിലുപരി ഒരു അദ്ധ്യാപകനുമായ ഡോ. ഷിജു എൻ.വി. ഒരു സർക്കാർ ജീവനക്കാരന് യോജിക്കാത്ത രീതിയിൽ പെരുമാറുകയും പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളത് സംബന്ധിച്ച് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആണ് ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ KCS & CCA റൂൾസ് പ്രകാരം സ്വീകരിച്ചിരുന്നത്. ഈ വിഷയത്തിൽ അന്വേഷണം നടത്തി കോട്ടയം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ 03.09.2020 തിയതിയിലെ കത്ത് മുഖേന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിൽ ഡോ. ഷിജുവിൽ നിന്നും വീഴ്ചകൾ ഉണ്ടായിട്ടുള്ളതായാണ് കണ്ടെത്തിയിരുന്നത്. തുടർന്ന് ഈ വിഷയം വിശദമായി പരിശോധിക്കുകയും ടിയാനെതിരെ തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണ പത്രികയും 04.06.2021-ൽ നൽകുകയുണ്ടായി. കുറ്റപത്രത്തിന് മറുപടിയായി പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് കൂടുതൽ സമയം ടിയാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ല.

10. 04.12.2022 തീയതിയിലെ നോട്ടീസ് മുഖാന്തിരം വകുപ്പ് ടിയാന് മറുപടി സമർപ്പിക്കുന്നതിന് ഒരു അവസരം കൂടി നൽകിയതിനെത്തുടർന്ന് 09.12.2022 തീയതിയിൽ ടിയാൻ മറുപടി ലഭ്യമാക്കിയിരുന്നെങ്കിലും മറുപടി തൃപ്തികരമായിരുന്നില്ല. തുടർ നടപടികളുടെ ഭാഗമായി 08.02.2023 -ൽ ടിയാനെ നേരിൽ കേട്ടിരുന്നു. ഡോ. ഷിജു എൻ.വി.-ക്കെതിരെ മേജർ പെനാൽറ്റിക്ക് കുറ്റപത്രം നല്കിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ഔപചാരിക അന്വേഷണം നടത്തിയ സർക്കാർ വിക്ടോറിയ കോളേജ് പ്രിൻസിപ്പാൾ ഡോ. സി ബാബു രാജ് 19.04.2024 തീയതിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടിലും ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്.

11. ഡോ. ഷിജു എൻ വി-യ്ക്കെതിരെയുള്ള അച്ചടക്ക നടപടിമേലുള്ള അന്വേഷണങ്ങളിൽ ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ താത്കാലിക ശിക്ഷ തിരുമാനിച്ചുകൊണ്ട് 18.06.2024 തിയതിയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി ലഭ്യമാക്കിയിരുന്നെങ്കിലും ടിയാൻ പെരുമാറ്റ ദൂഷ്യവും അച്ചടക്ക ലംഘനവും നടത്തിയിട്ടില്ല എന്നത് തെളിയിക്കാൻ തക്കതായ വിശദീകരണമോ തെളിവുകളോ സമർപ്പിക്കാൻ ടിയാന് സാധിച്ചിരുന്നില്ല. എന്നിരുന്നാലും ടിയാന് പ്രവൃത്തികൾ മെച്ചപ്പെടുത്താൻ ഒരു അവസരം കൂടി നൽകുന്നത് ഉചിതമായ കാണുന്നതിനാൽ ടിയാനെതിരെ

സ്വീകരിച്ചുവന്ന അച്ചടക്ക നടപടിയിൽ ശിക്ഷയായി ഒരു ലഘു ശിക്ഷ നല്കാൻ തിരുമാനിക്കുകയും പരാമർശം (1) നടപടി ക്രമത്തിലൂടെ ശിക്ഷയായി ടിയാന്റെ വാർഷിക ഇൻക്രിമെൻ്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയും ചെയ്തിരുന്നു.

12. ടിയാനെതിരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നത് ടിയാൻ പെരുമാറ്റ ദൂഷ്യം/അച്ചടക്ക ലംഘനം സംബന്ധിച്ച വിവരങ്ങൾ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്യുകയും അന്വേഷണത്തിൽ ശരിയെന്നു കണ്ടെത്തുകയും ചെയ്തിട്ടുള്ളതിനാലാണ്. അന്വേഷണ നടപടിക്രമങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ടിയാന്റെ ഭാഗം വ്യക്തമാക്കാനും ടിയാനെ നേരിൽ കേൾക്കുന്നത് ഉൾപ്പെടെയുള്ള സാധ്യമായ അവസരങ്ങളും ടിയാന് നൽകിയിരുന്നു. എന്നാൽ ടിയാനെതിരെയുള്ള കുറ്റരോപണങ്ങൾ പുനഃ പരിശോധിക്കേണ്ടതായ വസ്തുതകൾ ടിയാന് മുന്നോട്ട് വക്കാനുണ്ടായില്ല.

13. ഷീജ എൻ വി-യുടെ പരാമർശം (2) അപ്പീൽ അപേക്ഷ പ്രകാരം 07.01.2026 തീയതി ഉന്നത വിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി ഡോ. ടിയാനെ നേരിൽ കേട്ടിരുന്നു. ഹിയറിങ് വേളയിൽ ഡോ. ഷീജ എൻ.വി ചുവടെ ചേർക്കുന്ന വിവരങ്ങൾ അറിയിച്ചു.

i. ചിറ്റൂർ ഗവ. കോളേജിലെ പ്രിൻസിപ്പാൾ ടിയാന്റെ ശമ്പളം തടഞ്ഞു വെച്ചതിലുള്ള വിദ്വേഷത്തിന്മേലുള്ള വൈകാരിക പ്രതികരണമാണ് ടിയനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള സംഗതികൾക്ക് കാരണമായത്.
ii. കോളേജ് കോമ്പൗണ്ടിൽ പ്രിൻസിപ്പാളിനെ അവഹേളിക്കുന്ന രീതിയിൽ പോസ്ററുകൾ പതിച്ചതും പ്രിൻസിപ്പലിന്റെ ചേംബറിൽ അതിക്രമിച്ച് കയറുകയും പ്രിൻസിപ്പാളിനെ ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നത് സമ്മതിക്കുന്നു.
iii. ടി കോളേജിലെ എക്കണോമിക്സ് വിഭാഗം അധ്യാപകനായ ഡോ. നാഗരാജ് എന്ന വ്യക്തി ടിയാനെ ജാതിപ്പേര് വിളിച്ചതിനെതിരെ ടിയാന്റെ ഭാഗത്തു നിന്നും തുടർ നടപടികൾ എടുക്കാതിരിക്കുന്നതിനു വേണ്ടിയാണ് ശമ്പളം തടഞ്ഞുവെച്ചതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടത് എന്ന് ടിയാൻ കരുതുന്നു.
iv. മേൽ പ്രകാരം ടിയാൻ ചെയ്ത പ്രവൃത്തികൾ തെറ്റാണെന്ന് നിലവിൽ കരുതുന്നുമില്ല പശ്ചാത്തപിക്കുന്നുമില്ല.

14. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഷീജ എൻ വി യ്ക്കെതിരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾക്കാധാരമായ പ്രവർത്തികൾ ടിയാന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെന്ന് ഹിയറിംഗ് വേളയിൽ സംശയലേശമന്യേ ടിയാൻ അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും , നിയന്ത്രണവും അപ്പീലും) ചട്ടം 11(1) (VA) പ്രകാരം ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുവെച്ച കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ശരിവച്ചും ടി ഉത്തരവിനെതിരെ ശ്രീ. ഷീജ എൻ. വി. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. കേരള പബ്ലിക് സർവീസ് കമ്മീഷൻ
4. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
6. നോഡൽ ഓഫീസർ, www.highereducation.kerala.gov.in
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി (F1/69/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Asoka Kumari. L
Date: 25-03-2026 16:02:26

സെക്ഷൻ ഓഫീസർ